ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

DATE: 25.03.2024 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. ഒന്നാംഘട്ട തിരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി മറ്റന്നാൾ അവസാനിക്കും.

   **Lok Sabha Poll preparations are underway in various states. Last date for filing nomination for the first phase election is on Wednesay.**

2. കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം വ്യാഴാഴ്ച പുറപ്പെടുവിക്കും. രണ്ടാംഘട്ടത്തിൽ വോട്ടെടുപ്പ് 89 മണ്ഡലങ്ങളിൽ.

   **Notification for LS election in Kerala will be issued on Thursday. Polling will be held in 89 constituencies on second phase,**

3. ഭീകരവാദത്തെ പിന്തുണയ്ക്കുന്ന രീതി പാകിസ്ഥാൻ അവസാനിപ്പിക്കണമെന്ന് അന്താരാഷ്ട്ര വേദിയിൽ നിലപാട് വ്യക്തമാക്കി ഇന്ത്യ.

   **India hits out at Pakistan at UN event in Geneva for supporting terrorism.**

4. ഹോളി ആഘോഷ നിറവിൽ രാജ്യം. വർണങ്ങളുടെ ഉത്സവത്തെ വരവേറ്റ് നാടും നഗരവും.

   **Festival of colours, Holi being celebrated across the country.**

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു- പഞ്ചാബ് കിങ്സ് പോരാട്ടം.

**IPL Cricket, Royal Challengers Bengaluru to clash with Punjab Kings in Bengaluru this evening**

*****************************

## LOK SABHA GENERAL

ഒന്നാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിലേക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി മറ്റന്നാൾ അവസാനിക്കും. 17 സംസ്ഥാനങ്ങളിലെയും നാല് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 102 ലോക്സഭാ മണ്ഡലങ്ങളിലാണ് ഏപ്രിൽ-19 ന് ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. പത്രികകളുടെ സൂക്ഷ്മ പരിശോധന ഈ മാസം 28 ന് നടക്കും. അതേസമയം ഒന്നാംഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്ന ബിഹാറിലെ നാല് മണ്ഡലങ്ങളിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ വ്യാഴാഴ്ച വരെ സമയമുണ്ട്. രണ്ടാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ ഈ മാസം 28 ന് പുറപ്പെടുവിക്കും. കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും ജമ്മു കശ്മീരിലെയും 89 മണ്ഡലങ്ങളിലാണ് ഏപ്രിൽ 26 ന് രണ്ടാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്.

*****************************

## ECI - PAPER

വരാനിരിക്കുന്ന ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകളിൽ കടലാസ് ഉപയോഗം പരമാവധി കുറയ്ക്കണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർ പട്ടികയ്ക്കും, ഇലക്ട്രൽ സാമഗ്രികൾക്കുമുള്ള കടലാസ് ഉപയോഗം കുറയ്ക്കണമെന്ന് കമ്മീഷൻ അഭ്യർത്ഥിച്ചു. ഇ-ബുക്കുകളുടെയും ഇ- ഡോക്യുമെൻ്റുകളുടെയും

ഉപയോഗം പ്രോത്സാഹിപ്പിക്കണമെന്നും കമ്മീഷൻ വ്യക്തമാക്കി.

***************************

## CONG – SIXTH LIST

ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള ആറാം സ്ഥാനാർത്ഥി പട്ടിക കോൺഗ്രസ് പുറത്തിറക്കി. രാജസ്ഥാനിലെ കോട്ടയിൽ പ്രഹ്ലാദ് ഗുഞ്ജലും, അജ്മീറിൽ രാമചന്ദ്ര ചൌധരിയും മത്സരിക്കും. റാസമന്തിൽ സുദർശൻ റാവത്തും ഭിൽവാരയിൽ ദാമോദർ ഗുർജറുമാണ് സ്ഥാനാർത്ഥികൾ. തിരുനെൽവേലിയിൽ റോബർട്ട് ബ്രൂസാണ് കോൺഗ്രസ് സ്ഥാനാർത്ഥി.

***************************

## CM- MALAPPURAM

മലപ്പുറത്ത് സി.പി.ഐ.എം. സംഘടിപ്പിച്ച ഭരണഘടനാ സംരക്ഷണ റാലിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ പ്രസംഗത്തിനെതിരെ തിരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകി ബി.ജെ.പി. ഒരു മതവിഭാഗത്തിനിടയിൽ പേടിയും, വെറുപ്പും സൃഷ്ടിക്കാൻ പരാമർശങ്ങൾ കാരണമാവുമെന്നാണ് പരാതിയിൽ പറയുന്നത്. പൗരത്വഭേദഗതി നിയമത്തിനെതിരെ അതിരൂക്ഷ വിമർശനങ്ങൾ മുഖ്യമന്ത്രി ഇന്ന് മലപ്പുറത്ത് ഉന്നയിച്ചിരുന്നു.

***************************

## JANARDHANA REDDY – BJP

കർണാടകയിൽ കെ ആർ പി പി നേതാവ് ജി ജനാർദന റെഡ്ഡിയും ഭാര്യ അരുണാ ലക്ഷ്മിയും ബിജെപിയിൽ ചേർന്നു.

കെആർപിപി ബിജെപിയിൽ ലയിച്ചതായി അദ്ദേഹം അറിയിച്ചു. ലോക്സഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായിട്ടാണ് ഇരുവരും പാർട്ടിയിൽ തിരിച്ചെത്തിയത്. ബിജെപി നേതാവ് ബി എസ് യെദ്യൂരപ്പയുടെയും കർണാടക ബി ജെ പി അധ്യക്ഷൻ ബി വൈ വിജയേന്ദ്രയുടെയും സാന്നിധ്യത്തിലാണ് അംഗത്വം സ്വീകരിച്ചത്.

****************************

## POSTAL BALLET

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് ദിവസം ഡ്യൂട്ടിയിലുള്ളതിനാൽ പോളിംഗ് ബൂത്തിലെത്തി വോട്ട് ചെയ്യാൻ സാധിക്കാത്ത മാധ്യമപ്രവർത്തകർക്ക് പോസ്റ്റൽ ബാലറ്റ് സൗകര്യം ലഭ്യമാകുന്നതിനായി നിശ്ചിത ഫോർമാറ്റിൽ അപേക്ഷിക്കാം. വോട്ടുള്ള ലോക്സഭാ മണ്ഡലത്തിലെ അസിസ്റ്റൻറ് റിട്ടേണിംഗ് ഓഫീസർക്ക് ഫോം 12 D യിൽ വിവരങ്ങൾ പൂരിപ്പിച്ച് അപേക്ഷ നൽകാവുന്നതാണ്. അപേക്ഷിക്കുന്നയാളുടെ പേര്, ജില്ല, ജോലി ചെയ്യുന്ന ഓഫീസ്, ബൂത്ത് നമ്പർ, സീരിയൽ നമ്പർ, വോട്ടർ ഐഡി കാർഡ് നമ്പർ എന്നീ വിവരങ്ങൾ ഫോമിൽ രേഖപ്പെടുത്തിയിരിക്കണം. സ്ഥാപന അധികാരി അപേക്ഷ സാക്ഷ്യപ്പെടുത്തുകയും വേണം. എപ്രിൽ 1 വൈകിട്ട് 5 മണിക്കകം അപേക്ഷകൾ ലഭ്യമാകണം.

****************************

## MEDICAL STORE

തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം ലംഘിച്ച് എറണാകുളം കിഴക്കമ്പലത്ത് ട്വന്റി ട്വൻ്ററിയുടെ നേതൃത്വത്തിൽ ആരംഭിച്ച മെഡിക്കൽ സ്റ്റോർ അടയ്ക്കാൻ ജില്ലാ വരണാധികാരി ഉത്തരവിട്ടു. 80 ശതമാനം വിലക്കുറവിൽ മരുന്നുകൾ വിതരണം ചെയ്യുമെന്ന വാഗ്ദാനത്തിലാണ് മെഡിക്കൽ

സ്റ്റോർ ആരംഭിച്ചത്. പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനുശേഷമാണ് മെഡിക്കൽ സ്റ്റോർ ഉദ്ഘാടനം ചെയ്തത് എന്ന് കണ്ടെത്തിയതിനെ തുടർന്നാണ് തീരുമാനം. ഉദ്ഘാടനവുമായി ബന്ധപ്പെട്ട് സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോകൾ നീക്കം ചെയ്യണമെന്നും ഉത്തരവിട്ടിട്ടുണ്ട്.

****************************

## INDIA – PAK

ഭീകരവാദത്തെ പിന്തുണയ്ക്കുന്ന രീതി പാകിസ്ഥാൻ അവസാനിപ്പിക്കണമെന്ന് അന്താരാഷ്ട്ര വേദിയിൽ നിലപാട് വ്യക്തമാക്കി ഇന്ത്യ. ജമ്മുകശ്മീരിൽ അതിർത്തി കടന്നുള്ള സഹായം നൽകരുതെന്നും ജനീവയിൽ നടന്ന ഇന്റർ പാർലമെൻററി യൂണിയന്റെ 148-ാാം സമ്മേളനത്തിൽ ഇന്ത്യ ആവശ്യപ്പെട്ടു. തീവ്രവാദികൾക്ക് സുരക്ഷിതസ്ഥാനം, ധനസഹായം, പിന്തുണ തുടങ്ങിയവ നൽകുന്ന ചരിത്രം ഇസ്ലാമബാദിനുണ്ടെന്ന് രാജ്യസഭ ഉപാധ്യക്ഷൻ ഹരിവൻഷ് ചൂണ്ടിക്കാട്ടി. ഐക്യരാഷ്ട്ര രക്ഷാസമിതി നിരോധിച്ച ഭീകരർക്ക് പാകിസ്ഥാൻ ആതിഥ്യം ഒരുക്കുന്നതായും, ആഗോള ഭീകരതയുടെ മുഖമായിരുന്ന ഒസാമ ബിൻ ലാദനെ കണ്ടെത്തിയത് പാകിസ്ഥാനിലായിരുന്നുവെന്നും ശ്രീ ഹരിവൻഷ് വിമർശിച്ചു.

****************************

## JAISHANKAR – SINGAPORE

സിംഗപ്പൂർ പ്രധാനമന്ത്രി ലീസീയൻ ലൂങ് മായി വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ കൂടിക്കാഴ്ച നടത്തി. ഇന്ത്യയുമായുള്ള ബന്ധത്തോട് സിംഗപ്പൂർ പ്രധാനമന്ത്രി വച്ചുപുലർത്തുന്ന അനുകൂല നിലപാട് ഇരു രാജ്യങ്ങൾക്കുമിടയിലെ സഹകരണത്തിന് എന്നും കരുത്ത്

പകരുന്നതായി ശ്രീ.ജയ്ശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു. മൂന്നു ദിവസത്തെ സന്ദർശനത്തിനായാണ് ഇന്ത്യൻ വിദേശകാര്യമന്ത്രി സിംഗപ്പൂരിൽ എത്തിയത്. നേരത്തെ സിംഗപ്പൂർ വിദേശകാര്യമന്ത്രി വിവിയൻ ബാലകൃഷ്ണനുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തിയിരുന്നു.

****************************

## HOLI FESTIVAL

വർണങ്ങളുടെ ഉത്സവമായ ഹോളി രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ ഇന്ന് ആഘോഷിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയ പ്രമുഖർ ജനങ്ങൾക്ക് ഹോളി ആശംസകൾ നേർന്നു. ഹോളിയുടെ വിവിധ നിറങ്ങൾ രാജ്യത്തിന്റെ വൈവിധ്യത്തിന്റെ പ്രതീകമാണെന്ന് രാഷ്ട്രപതി പറഞ്ഞു. നിറങ്ങളുടെ ഉത്സവം ഏവരുടെയും ജീവിതത്തിൽ പുതിയ ഊർജവും ഉത്സാഹവും കൊണ്ടുവരുമെന്ന് പ്രധാനമന്ത്രി ആശംസിച്ചു.

****************************

## PM- UJJAIN FIRE

മധ്യപ്രദേശിലെ ഉജ്ജയിൻ മഹാകാലേശ്വർ ക്ഷേത്രത്തിലുണ്ടായ തീപിടിത്തത്തിൽ പൂജാരിമാർ ഉൾപ്പെടെ 14 പേർക്ക് പരിക്ക്. ഭസ്മ ആരതി പൂജയ്ക്കിടെ ഇന്ന് രാവിലെയാണ് അപകടമുണ്ടായത്. സംഭവത്തിൽ ഉജ്ജയിൻ കളക്ടർ അന്വേഷണത്തിന് ഉത്തരവിട്ടു. അപകടത്തിൽ ദുഖം രേഖപ്പെടുത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി പരിക്കേറ്റ ഭക്തർ വേഗം സുഖം പ്രാപിക്കട്ടേയെന്ന് ആശംസിച്ചു.

****************************

## SSLC EXAM

ഈ വർഷത്തെ എസ്എസ്എൽസി പരീക്ഷ അവസാനിച്ചു. കേരളം, ലക്ഷദ്വീപ്, ഗൾഫ് മേഖലകളിലെ 2,971 പരീക്ഷാ കേന്ദ്രങ്ങളിലായി 4 ലക്ഷത്തി 27 ആയിരത്തി 105 വിദ്യാർത്ഥികളാണ് ഈ വർഷം പരീക്ഷ എഴുതിയത്. ഏറ്റവും കൂടുതൽ വിദ്യാർഥികൾ പരീക്ഷ എഴുതിയ കേന്ദ്രം തിരൂരങ്ങാടി PKMMHSS എടരിക്കോടാണ്. ഏപ്രിൽ 3 ന് മൂല്യനിർണയം ആരംഭിക്കും. 70 ക്യാംപുകളിലായി പതിനായിരത്തോളം അധ്യാപകർ പങ്കെടുക്കും. എസ്എസ്എൽസി പരീക്ഷ വിജയകരമായി പൂർത്തീകരിച്ച വിദ്യാർത്ഥികളെ വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി അഭിനന്ദിച്ചു.

****************************

## SABARIMALA

ശബരിമലയിൽ പത്ത് ദിവസം നീണ്ട പൈങ്കുനി ഉത്രം ഉത്സവത്തിനു സമാപനം കുറിച്ച്, പമ്പയിൽ അയ്യപ്പസ്വാമിക്ക് ആറാട്ട് നടന്നു. തന്ത്രിയുടെ മുഖ്യകാർമ്മികത്വത്തിൽ 11.45 ഓടെ ആറാട്ട് ഘോഷയാത്ര പമ്പയിൽ എത്തി. വലിയ ഭക്തജന തിരക്കാണ് ഇന്ന് പമ്പയിൽ അനുഭവപ്പെട്ടത്. 13 ദിവസത്തെ പൂജകൾ പൂർത്തിയാക്കി ഇന്ന് രാത്രി 10 ന് നടയടക്കും. മേടമാസ - വിഷു പൂജകൾക്കായി ശബരിമല ക്ഷേത്രനട ഏപ്രിൽ 10 ന് വൈകുന്നേരം അഞ്ചിന് തുറക്കും.

****************************

## NIGHT IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു- പഞ്ചാബ് കിങ്സ് പോരാട്ടം. ബെംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ ടോസ്

നേടിയ ബംഗളൂരു ഫീൽഡിംഗ് തിരഞ്ഞെടുത്തു .. ശനിയാഴ്ച നടന്ന ആദ്യ മത്സരത്തിൽ പഞ്ചാബ്, ഡൽഹി ക്യാപിറ്റൽസിനെ നാലു വിക്കറ്റിന് കീഴടക്കിയിരുന്നു.

***************************

## TENNIS- MIAMI OPEN

രോഹൻ ബൊപ്പണ്ണ-മാത്യു എബ്ഡൻ സഖ്യം മിയാമി മാസ്റ്റേഴ്സ് ATP 1000 ടൂർണമെന്റിന്റെ രണ്ടാം റൗണ്ടിൽ കടന്നു. ഇറ്റാലിയൻ സഖ്യത്തെ മൂന്ന് സെറ്റ് നീണ്ട കനത്ത പോരാട്ടത്തിന് ഒടുവിലാണ് ഇരുവരും തോൽപ്പിച്ചത്. ഈ വർഷം ആദ്യം നടന്ന ഓസ്ട്രേലിയൻ ഓപ്പൺ ഫൈനലിന് ശേഷം ഇത് രണ്ടാം തവണയാണ് ഇരു ടീമുകളും ഏറ്റുമുട്ടുന്നത്. 2023 ഓസ്ട്രേലിയൻ ഓപ്പൺ പുരുഷ ഡബിൾസ് രണ്ടാം സ്ഥാനക്കാരെയാണ് ബൊപ്പണ്ണ-എബ്ഡൻ സഖ്യം അടുത്ത റൗണ്ടിൽ നേരിടുക.

***************************

## UNSC-GAZA

ഗാസയിൽ അടിയന്തര വെടിനിർത്തൽ ആവശ്യപ്പെടുന്ന പുതിയ കരട് പ്രമേയത്തിൻ മേൽ ഐക്യരാഷ്ട്ര രക്ഷാസമിതിയിൽ ഇന്ന് വോട്ടെടുപ്പ് നടക്കും. റമദാൻ മാസത്തോടനുബന്ധിച്ച് വെടിനിർത്തൽ വേണമെന്നതാണ് പ്രധാനമായും പ്രമേയത്തിലെ ആവശ്യം. അമേരിക്കയുടെ പിന്തുണയോടെ കഴിഞ്ഞ ദിവസം കൊണ്ടുവന്ന വെടിനിർത്തൽ പ്രമേയം രാഷ്ട്രീയ സ്വഭാവമുണ്ടെന്ന് ചൂണ്ടിക്കാട്ടി റഷ്യയും ചൈനയും വീറ്റോ ചെയ്തിരുന്നു. പുതിയ പ്രമേയത്തിൽ ഗാസയിൽ ബന്ദികളാക്കിയ ഇസ്രയേൽ പൗരന്മാരുടെ മോചനത്തെ

കുറിച്ച് പരാമർശമില്ലെന്ന് യു.എൻ സെക്രട്ടറി ജനറൽ അൻ്റോണിയോ ഗുട്ടറസ് അറിയിച്ചു.

***************************

## HEAT WAVE

സംസ്ഥാനത്ത് ചൂട് തുടരുന്ന സാഹചര്യത്തിൽ ചിക്കൻ പോക്സിനെതിരെ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണ ജോർജ്. സ്വയം ചികിത്സ പാടില്ലെന്നും രോഗ ലക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ എത്രയും വേഗം ചികിത്സ തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. കുട്ടികൾ, മുതിർന്നവർ, ഗർഭിണികൾ, പ്രതിരോധശേഷി കുറഞ്ഞവർ, മറ്റു രോഗങ്ങളുള്ളവർ , സ്റ്റിറോയ്ഡ് മരുന്നുകൾ ഉപയോഗിക്കുന്നവർ തുടങ്ങിയവർ പ്രത്യേകം ശ്രദ്ധിക്കണമെന്നും ശ്രീമതി വീണാ ജോർജ് പറഞ്ഞു .

***************************

## TEMPERATURE

സംസ്ഥാനത്തു ചൂട് കൂടുന്നു. ഉയർന്ന താപനില കണക്കിലെടുത്ത് ഒമ്പത് ജില്ലകളിൽ വ്യാഴാഴ്ച വരെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ആലപ്പുഴ, ഇടുക്കി, വയനാട്, മലപ്പുറം, കാസർകോട് ഒഴികെയുള്ള ജില്ലകളിലാണ് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ ജാഗ്രതാ നിർദേശം.

***************************

## Food Safety – Inspection

ചൂടുകാലത്ത് വിറ്റഴിക്കുന്ന ശീതളപാനീയങ്ങളുടേയും കുപ്പിവെള്ളത്തിന്റേയും സുരക്ഷ ഉറപ്പുവരുത്താൻ സംസ്ഥാനത്തു ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന. ഐസ്ക്രീം, കുപ്പിവെള്ളം, ശീതളപാനീയങ്ങൾ എന്നിവയുടെ

നിർമ്മാണ-വിപണന കേന്ദ്രങ്ങളിലാണ് പരിശോധന നടത്തിയത്.

***********************************************************************

**************